നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് കൺസ്യൂമർഫെഡ് നടത്തുന്ന പ്രവർത്തനങ്ങൾ

18(*288) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിന് കൺസ്യൂമർ ഫെഡ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ വിലക്കയറ്റ വിരുദ്ധചന്തകൾ നടത്തുന്ന പദ്ധതി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ദിവസം പ്രത്യേക വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു ; എത്ര വിപണന കേന്ദ്രങ്ങളാണ് പ്രവർത്തിച്ചത് ;

(സി) സാധനങ്ങൾ വിലകുറച്ചു നൽകിയതിലൂടെ ജനങ്ങൾക്ക് എത്ര രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ത്രിവേണി സ്റ്റോറുകളിലേയും മറ്റ് വിപണന കേന്ദ്രങ്ങളിലേയും നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിലും പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുന്ന അവസരങ്ങളിലും വിപണിയിൽ ഇടപെട്ട് ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ ഫെഡറേഷന്റെ സ്വന്തം യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും നീതി സ്റ്റോറുകളിലൂടെയും മാർക്കറ്റ് വിലയേക്കാൾ 15% മുതൽ 70% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. ത്രിവേണി സ്റ്റോറുകളിലൂടെ മാത്രം ഇക്കാലയളവിൽ 700 കോടിയോളം രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്. പൊതു വിപണിയേക്കാൾ 15% മുതൽ 25% വരെ വിലക്കുറവിലാണ് സാധനങ്ങൾ വിപണനം നടത്തുന്നത് എന്നതിനാൽ 150 കോടിയോളം രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ഇതിലൂടെ ലഭിച്ചിട്ടുണ്ട്. പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ത്രിവേണി സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയുമുള്ള വിൽപനയിലൂടെ 367.32 കോടി രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ വിലക്കയറ്റ വിരുദ്ധ ചന്തകൾ നടത്തുന്ന പദ്ധതി അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 352 ദിവസം പ്രത്യേക വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 49642 വിപണന കേന്ദ്രങ്ങളാണ് ഇപ്രകാരം പ്രവർത്തിച്ചത്.

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ത്രിവേണി സ്റ്റോറുകളിലൂടെയും സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയതിലൂടെ 367.32 കോടി രൂപയുടെ നേരിട്ടുള്ള സാമ്പത്തിക നേട്ടം ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഫെഡറേഷന്റെ ഈ നടപടി പൊതുവിപണിയിൽ ശക്തമായ പ്രതിഫലനം ഉണ്ടാക്കിയതിലൂടെ ഉപഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക നേട്ടം കണക്കാക്കിയിട്ടില്ല.

(ഡി) ഉണ്ട്. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ സാമ്പിളുകൾ വ്യാപാര രംഗത്ത് പരിചയ സമ്പന്നരായ അംഗങ്ങൾ അടങ്ങുന്ന കേന്ദ്ര/റീജിയണൽ പർച്ചേയ്സ് കമ്മിറ്റികളുടെ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷമാണ് സപ്ലൈക്കുള്ള ഓർഡറുകൾ നൽകുന്നത്. സാമ്പിൾ ആയി നൽകിയ ഗുണനിലവാരമുള്ള സാധനങ്ങൾ തന്നെയാണ് സപ്ലൈ ചെയ്തതെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് ത്രിവേണി സ്റ്റോറുകളിലും മറ്റ് വിപണന കേന്ദ്രങ്ങളിലും സാധനങ്ങൾ സ്വീകരിക്കുന്നത്. കൂടാതെ വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം, വിൽപ്പന യൂണിറ്റുകളിൽ തുടർച്ചയായി നടത്തുന്ന ഇൻസ്പെക്ഷനുകളിൽ പ്രാമുഖ്യം നൽകി പരിശോധിച്ചുവരുന്നുണ്ട്.

വൈദ്യുതി അപകടങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം

19(*289) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇത് തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) വൈദ്യുതി പണികൾക്കിടയിൽ ലൈൻമാൻമാർ അപകടത്തിൽപ്പെടുന്ന കേസ്സുകൾ അടുത്ത കാലത്ത് വർദ്ധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ഡി) വൈദ്യുതി വകുപ്പിലെ പ്രസരണ വിഭാഗം ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വൈദ്യുതി സുരക്ഷാ സന്ദേശം ജനങ്ങളിലെത്തിക്കാൻ വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly